## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 825 08.03.2012 - ലെ മറുപടി

## വൈപ്പിൻ ദ്വീപിലെ രാത്രികാല ബസ് സർവ്വീസ്

ചോദ്യം ഉത്തരം

ശ്രീ. എസ്. ശർമ്മ ശ്രീ. വി.എസ്. ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജനസാന്ദ്രത കൂടിയ വൈപ്പിൻ ദ്വീപിൽ അതിരാവിലെയും രാത്രി വൈകിയും സർവ്വീസ് നടത്തുന്ന ബസ്സുകൾ ട്രിപ്പ് മുടക്കുന്നതുമൂലം ജനങ്ങൾ ദുരിതം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വൈപ്പിൽ ദ്വീപിൽ പ്രധാനമായും സർവ്വീസ് നടത്തുന്നത് സ്വകാര്യ ബസ്സുകളാണ്. അവ ട്രിപ്പ് മുടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. വൈപ്പിൽ ദ്വീപിൽ നടത്തുന്ന സർവ്വീസുകൾ പരമാവധി ട്രിപ്പ് ക്യാൻസലേഷൻ ഒഴിവാക്കി ഷെഡ്യൂൾ പ്രകാരമാണ് നടത്തി വരുന്നത്. |
| (ബി) | എങ്കിൽ യാത്രാസൗകര്യം ലഭ്യമാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ; | (ബി) | പ്ലാൻ ഫണ്ടിൽപ്പെടുത്തി കെ.എസ്.ആർ.ടി.സി. എറണാകുളം സിറ്റിയിൽ 88 സിറ്റി സർവ്വീസുകൾകൂടി പുതിയതായി ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. അവ യാഥാർത്ഥ്യമാകുമ്പോൾ വൈപ്പിൽ ദ്വീപിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | രാത്രികാലങ്ങളിലെ ദീർഘദൂര ബസ് സർവ്വീസുകളിൽ കുറച്ചെങ്കിലും വൈപ്പിൻ-പള്ളിപ്പുറം സ്റ്റേറ്റ് ഹൈവെ - മാല്യങ്കരപ്പാലം എന്നീ റൂട്ടിലൂടെ ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ തെക്ക് - വടക്ക് ജില്ലകളിൽ നിന്നും വരുന്ന കെ.എസ്.ആർ.ടി.സി.യുടെ രാത്രികാല സർവ്വീസുകൾ വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി തിരിച്ചു വിട്ടാൽ പ്രസ്തുത സർവ്വീസിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് സമയ നഷ്ടവും ധനനഷ്ടവും ഉണ്ടാകുന്നതാണ്. ആയതിനാൽ അത്തരം രാത്രികാല സർവ്വീസുകൾ വൈപ്പിൽ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി തിരിച്ചുവിടുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല. |
| (ഡി) | സർവ്വീസ് റദ്ദാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് രാത്രികാലങ്ങളിലെ മോണിറ്ററിങ്ങ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | രാത്രികാല പരിശോധന നടത്തി ബസ്സുകൾ ട്രിപ്പ് മുടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ